21 മാർച്ച് March | അന്താരാഷ്ട്ര വനദിനം International Day of Forests

# സെൽഫി/ചിത്രം പകർത്തൂ സമ്മാനം നേടൂ

**(വേദി - കോവളം, തിരുവനന്തപുരം.)**

മാർച്ച് 21 അന്താരാഷ്ട്ര വനദിനം ആചരിക്കുന്നതിന്റെ ഭാഗമായി കേരള വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള ഇക്കോടൂറിസം വിഭാഗവും തെന്മല ഇക്കോടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ (ടി.ഇ.പി.എസ്) ഫീൽഡ് ട്രെയിനിങ് വിഭാഗമായ "സേവനവും" സംയുക്തമായി പൊതുജനങ്ങൾക്കായി മത്സരം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

2022 മാർച്ച് 20,21 തിയതികളിൽ കോവളം വിനോദസഞ്ചാര കേന്ദ്രത്തിൽ എത്തുന്ന സഞ്ചാരികൾ അവിടെ സ്ഥാപിച്ചിരിക്കുന്ന വിവരണ ഫലകത്തിനോടൊപ്പം സെൽഫി പകർത്തിയോ അല്ലെങ്കിൽ അതിന്റെ ചിത്രം പകർത്തിയോ **8547059770** എന്ന നമ്പറിൽ വാട്ട്സ്ആപ്പ് ചെയ്യുന്നവർക്ക് സമ്മാനം നൽകുന്നതാണ്.

വിജയിക്കും കുടുംബത്തിനും തെന്മല ഇക്കോടൂറിസം കേന്ദ്രം സന്ദർശിക്കുവാനും ഒരു രാത്രി താമസിക്കുവാനുമുള്ള പാക്കേജ് ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് **8547059770** എന്ന നമ്പറിൽ ബന്ധപ്പെടുക.

**അനിൽ ആന്റണി IFS**
**ചീഫ് എക്സിക്യൂട്ടീവ്, ടി.ഇ.പി.എസ്**

**അരുൺ ആർ.എസ്. IFS**
**ഡയറക്ടർ, ഇക്കോടൂറിസം**

# മത്സരാർഥികൾക്കുള്ള മാർഗ്ഗനിർദേശങ്ങൾ

## സമ്മാനം

വിജയിക്കും കൂടാതെ 3 പേർക്കും തെന്മല ഇക്കോടൂറിസം സന്ദർശിക്കുന്നതിനും ഒരു രാത്രി തെന്മലയിൽ താമസിക്കാനുമുള്ള (2 മുതിർന്നവർക്കും 2 കുട്ടികൾക്കും താമസിക്കുവാനുള്ള ഒരു മുറി) അനുവാദപത്രം ലഭിക്കും. അനുവാദപത്രത്തിന് 2022 മാർച്ച് 21 മുതൽ 36 മാസം കാലാവധി ഉണ്ടാകുന്നതാണ്.

## മത്സര നിയമാവലി

1. മത്സരാർഥികളുടെ ആവിഷ്കാരം സ്വന്തമായി രൂപപ്പെടുത്തിയതാകണം, മറ്റൊരാളുടെ ആവിഷ്കാരത്തിന്റെ പകർപ്പ് ആകുവാൻ പാടുള്ളതല്ല.
2. മത്സരാർഥികളുടെ ആവിഷ്കാരങ്ങൾ 1957 ലെ ഇന്ത്യൻ കോർപ്പറേറ്റ് ആക്ട് നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ടാകണം.
3. പ്രസ്തുത ആക്ട് ലംഘിക്കുന്നതായി കണ്ടെത്തിയാൽ അത്തരം ലംഘനങ്ങൾക്ക് ടി.ഇ.പി.എസിന് ഉത്തരവാദിത്വം ഉണ്ടാകുന്നതല്ല. ഇത് സംബന്ധിച്ചുള്ള എല്ലാ നിയമ നടപടികൾക്കും ആവിഷ്കാരകൻ/ ആവിഷ്കാരക വിധേയമാകേണ്ടതാണ്.
4. നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്ന ആവിഷ്കാരങ്ങൾ മാത്രമേ മത്സരത്തിനായി പരിഗണിക്കുകയുള്ളൂ.
5. മത്സരാർഥികൾ സമർപ്പിക്കുന്ന ആവിഷ്കാരങ്ങൾ ടി.ഇ.പി.എസ്. ന് തങ്ങളുടേതായ ഉപയോഗത്തിന് ഉപയോഗിക്കാൻ അധികാരമുണ്ട്.
6. പങ്കെടുക്കുന്ന മത്സരാർത്ഥികൾ പങ്കെടുത്തതിന്റെ സാക്ഷ്യപത്രം (സർട്ടിഫിക്കറ്റ്) ലഭ്യമാകണമെങ്കിൽ sevanam.teps@gmail.com എന്ന ഇമെയിൽ അപേക്ഷ നൽകാവുന്നതാണ്. അപേക്ഷിച്ചവർക്ക് സാക്ഷ്യപത്രം ഇമെയിലായി ലഭിക്കുന്നതാണ്.
7. ഒരു മത്സരത്തിൽ തന്റെ ഒരു ആവിഷ്കാരം മാത്രമേ മത്സരാർത്ഥി സമർപ്പിക്കേണ്ടതുള്ളൂ. ഒന്നിൽ കൂടുതൽ ആവിഷ്കാരം

സമർപ്പിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയാൽ എല്ലാ ആവിഷ്കാരവും അസാധുവായി കണക്കാക്കും.

8. ഒരു മൊബൈൽ നമ്പറിൽ നിന്നും ഒന്നിൽ കൂടുതൽ മത്സരാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

**വിധി നിർണ്ണയ സമിതി**

1. മത്സര വിധി നിർണ്ണയത്തിനായി ഒരു സമിതിയെ ടി.ഇ.പി.എസിൻെറ ചീഫ് എക്സിക്യൂട്ടീവ് രൂപികരിക്കും.
2. നിർദിഷ്ട തീയതിക്കുള്ളിൽ ലഭിച്ച ആവിഷ്കാരങ്ങൾ ടി.ഇ.പി.എസിന്റെ ചീഫ് എക്സിക്യൂട്ടീവ് പ്രാഥമികമായി പരിശോധിച്ച് വിധി നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കു സമർപ്പിക്കും. ഈ സമിതിയുടെ തീരുമാനം അന്തിമം ആയിരിക്കും.
3. നിർദിഷ്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സമിതി വിധി നിർണ്ണയം നടത്തുക.
4. മത്സരത്തിന്റെയും വിധി നിർണ്ണയത്തിന്റെയും മാനദണ്ഡങ്ങൾ പരിഷ്കരിക്കാൻ പ്രസ്തുത സമിതിക്ക് അധികാരമുണ്ട്.
5. മത്സര ഫലങ്ങളുടെ തീരുമാനം ടി.ഇ.പി.എസിന്റെ ചീഫ് എക്സിക്യൂട്ടീവ്ൽ നിക്ഷിപ്തമാണ്.

**വിധി നിർണ്ണയ രീതി**

1. 20 ൽ കൂടുതൽ മത്സരാർത്ഥികളിൽ നിന്നും വാട്ട്സ്ആപ്പിൽ ലഭിക്കുന്ന ആവിഷ്കാരങ്ങൾ സമ്മാന നിർണ്ണയത്തിനായി നറുക്കെടുപ്പിന് വിധേയമാക്കുന്നതാണ്.
2. മത്സരത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ ആവിഷ്കാരങ്ങൾ സമർപ്പിക്കുവാനായി ഉപയോഗിക്കുന്ന മൊബൈൽ നമ്പർ നറുക്കെടുപ്പിനായി ഉപയോഗിക്കും.
3. ഒരു മൊബൈൽ നമ്പറിൽ നിന്നും ഒന്നിൽ കൂടുതൽ ആവിഷ്കാരങ്ങൾ ലഭിക്കുമ്പോൾ ലഭിക്കുന്ന മുറയ്ക്ക് എ,ബി,സി എന്ന് മൊബൈൽ നമ്പറിന് ശേഷം ചേർത്ത് നറുക്കെടുപ്പിനായി ഉൾപ്പെടുത്തുന്നതാണ്.

4. നറുക്കെടുപ്പിൽ ആദ്യ റൗണ്ടിൽ പരമാവധി 20 മത്സരാർത്ഥികളെ തിരഞ്ഞെടുക്കും.
5. നറുക്കെടുക്കപ്പെട്ട 20 ആവിഷ്കാരങ്ങളും വിധി നിർണയ സമിതി വിധി നിർണയത്തിനായി പരിഗണിക്കും.
6. വിധി നിർണയത്തിലെ വിജയിയുടെ യോഗ്യത തെളിയിക്കുന്നതിൻെറ രേഖകൾ (ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ രേഖ) ഇമെയിൽ/വാട്ട്സ്ആപ്പ്ൽ അയച്ച് തരുവാൻ ആവശ്യപ്പെടും.
7. നിർദ്ധിഷ്ട സമയത്തിനുള്ളിൽ (48 മണിക്കൂർ) യോഗ്യത തെളിയിക്കുന്നതിൻെറ രേഖകൾ സമർപ്പിക്കുന്ന വ്യക്തിയെ വിജയി ആയി തിരഞ്ഞെടുക്കുന്നതാണ്.
8. തുടർന്നുള്ളവരിൽ നിന്നും ഇപ്രകാരം വിജയിയെ കണ്ടെത്തുന്നത് വരെ പ്രസ്തുത രീതി ആവർത്തിക്കുന്നതാണ്.
9. മത്സരങ്ങളുടെ മാനദണ്ഡങ്ങൾ ഏതു സമയവും ഭേദഗതി വരുത്താൻ ചീഫ് എക്സിക്യൂട്ടീവ് ടി.ഇ.പി.എസ് അധികാരമുണ്ട്.
10. മത്സരങ്ങളുടെ ഫലം 2022 ഏപ്രിൽ 15 ന് www.thenmalaecotourism.com എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.
11. മത്സരങ്ങളെ സംബന്ധിച്ചുള്ള അപ്പീലുകൾ വിനോദസഞ്ചാര വകുപ്പിൻറെ കീഴിലുള്ള ഇക്കോടൂറിസം വിഭാഗം മേധാവിക്ക് (ഡയറക്ടർ ഇക്കോടൂറിസം, വഴുതക്കാട്, തിരുവനന്തപുരം) സമർപ്പിക്കാവുന്നതാണ്.

**ചീഫ് എക്സിക്യൂട്ടീവ്, ടി.ഇ.പി.എസ്.**